# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

| ആഗസ്റ്റ് 13<br>August 13 | 2018 |
|---|---|

***1193 കർക്കിടകം 28 തിങ്കൾ***

# പത്രക്കുറിപ്പ്-1

www.prd.kerala.gov.in, diopta1@gmail.com ഫോൺ : 0468-2222657

**ബ്യൂറോ ചീഫുമാരുടെ ശ്രദ്ധയ്ക്ക്**

പത്രപ്രവർത്തകേതര പെൻഷൻ പദ്ധതിയിൽ അംഗത്വം നേടി അംശദായം അടച്ചുവരവെ വരിസംഖ്യ അടയ്ക്കുന്നതിൽ ആറ് മാസത്തിൽ കൂടുതൽ കുടിശിക വരുത്തിയ ജീവനക്കാർക്ക് ഈ മാസം 10 മുതൽ സെപ്തംബർ 10 വരെ പ്രതിമാസ അംശദായ തുകയോടൊപ്പം 15 ശതമാനം പിഴ ഈടാക്കി ഒറ്റത്തവണയായി കുടിശിക അടയ്ക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ഈ അവസരം പ്രയോജനപ്പെടുത്തണമെന്ന് അഭ്യർഥിക്കുന്നു.

ജില്ലാ ഇൻഫർമേഷൻ ഓഫീസർ

**വനിതാ കമ്മീഷൻ മെഗാ അദാലത്ത്**

സംസ്ഥാന വനിതാ കമ്മീഷന്റെ മെഗാ അദാലത്ത് ഈ മാസം 18ന് രാവിലെ 10.30 മുതൽ കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ നടക്കും. (പിഎൻപി 2323/18)

**വ്യവസായ കൈത്തറി കരകൗശല മേള 18 മുതൽ**

ജില്ലാ വ്യവസായ കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിലുള്ള വ്യവസായ കൈത്തറി കരകൗശല മേള "പൊലിമ 2018" ഈ മാസം 18 മുതൽ 23 വരെ കോഴഞ്ചേരി പഞ്ചായത്ത് ബസ് സ്റ്റാൻഡിന് സമീപമുള്ള വഞ്ചിപ്പേട്ടയിൽ നടക്കും. വിവിധ വ്യവസായ ഉത്പന്നങ്ങൾക്ക് പുറമേ കാസർഗോഡ്, കണ്ണൂർ, കോഴിക്കോട്, പത്തനംതിട്ട ജില്ലകളിലെ വിവിധ കൈത്തറി

സംഘങ്ങൾ മേളയിൽ പങ്കെടുക്കും. മേൽത്തരം കൈത്തറി മുണ്ടുകൾ, ബഡ്ഷീറ്റുകൾ, ചുരിദാർ, ഷർട്ടിംഗ്സ്, തോർത്ത് തുടങ്ങിയവ മേളയിൽ ലഭിക്കും. ജില്ലയിലെ 50ഓളം ചെറുകിട വ്യവസായ സ്ഥാപനങ്ങളും കരകൗശല നിർമാതാക്കളും മേളയിൽ പങ്കെടുക്കുന്നുണ്ട്. കൈത്തറി ഉത്പന്നങ്ങൾക്ക് 20 ശതമാനം റിബേറ്റും ലഭ്യമാണ്.

(പിഎൻപി 2324/18)

## അയിരൂർ സ്മാർട്ട് വില്ലേജ് ഓഫീസ് നിർമാണോദ്ഘാടനം ഇന്ന് (14)

ആധുനിക സൗകര്യങ്ങളോടെ നിർമിക്കുന്ന അയിരൂർ സ്മാർട്ട് വില്ലേജ് ഓഫീസ് മന്ദിരത്തിന്റെ നിർമാണോദ്ഘാടനം ഇന്ന് ഉച്ചയ്ക്ക് 12ന് അയിരൂരിൽ രാജുഎബ്രഹാം എംഎൽഎ നിർവഹിക്കും. അയിരൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് തോമസ് തമ്പി അധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ ആന്റോ ആന്റണി എംപി മുഖ്യാതിഥിയാകും. ജില്ലാ പഞ്ചായത്ത് വൈസ്പ്രസിഡന്റ് ജോർജ് മാമ്മൻ കൊണ്ടൂർ, കോയിപ്രം ബ്ലോക്ക് പഞ്ചായത്ത് വൈസ്പ്രസിഡന്റ് അക്കാമ ജോൺസൺ, അയിരൂർ ഗ്രാമപഞ്ചായത്ത് വൈസ്പ്രസിഡന്റ് വത്സമ്മ തോമസ്, തിരുവല്ല ആർഡിഒ റ്റി.കെ.വിനീത്, റാന്നി തഹസീൽദാർ കെ.വി. രാധാകൃഷ്ണൻ നായർ, വിവിധ തദ്ദേശഭരണ ഭാരവാഹികൾ, രാഷ്ട്രീയകക്ഷി നേതാക്കൾ തുടങ്ങിയവർ പങ്കെടുക്കും. (പിഎൻപി 2325/18)

## സ്വാതന്ത്ര്യദിനാഘോഷം : മന്ത്രി മാത്യു ടി.തോമസ് അഭിവാദ്യം സ്വീകരിക്കും

ഭാരതത്തിന്റെ 72-ാമത് സ്വാതന്ത്ര്യദിനം നാളെ (15ന്) പത്തനംതിട്ട ജില്ലാ സ്റ്റേഡിയത്തിൽ വിപുലമായ പരിപാടികളോടെ ആഘോഷിക്കും. മുഖ്യാതിഥിയായ ജലവിഭവ മന്ത്രി മാത്യു ടി.തോമസ് ദേശീയ പതാക ഉയർത്തി പരേഡ് പരിശോധിച്ച് അഭിവാദ്യം സ്വീകരിക്കും.

രാവിലെ എട്ടിന് പരേഡിനുള്ള തയാറെടുപ്പ് ആരംഭിക്കും. 8.10ന് പരേഡ് കമാൻഡർ പരേഡിന്റെ നിയന്ത്രണം ഏറ്റെടുക്കും. 8.30ന് മുഖ്യാതിഥിയായ മന്ത്രി മാത്യു ടി.തോമസ് എത്തുന്നതോടെ സേനാംഗങ്ങളുടെ സല്യൂട്ട്. 8.35ന് മുഖ്യാതിഥി ദേശീയ ഗാനത്തിന്റെ അകമ്പടിയോടെ ദേശീയ പതാക ഉയർത്തും. തുടർന്ന് യൂണിഫോമിലുള്ള എല്ലാ ഓഫീസർമാരും ദേശീയ പതാകയെ സല്യൂട്ട് ചെയ്യും.

8.40ന് പരേഡ് കമാൻഡർ മുഖ്യാതിഥിക്കു മുൻപാകെ എത്തിയശേഷം മുഖ്യാതിഥി പ്രത്യേകം സജ്ജമാക്കിയ വാഹനത്തിൽ പരേഡ് പരിശോധിക്കും. 8.45ന് പരേഡ് മാർച്ച്പാസ്റ്റ് ആരംഭിക്കും. പോലീസ്, സ്റ്റുഡന്റ് പോലീസ് കേഡറ്റ്സ്, സ്കൗട്ട് ആന്റ് ഗൈഡ്സ്, ജൂനിയർ റെഡ്ക്രോസ്, വനം, എക്സൈസ്, എൻ.സി.സി തുടങ്ങിയവയുടെ പ്ലാറ്റൂണുകളും വിവിധ സ്കൂളുകളിൽ നിന്നുള്ള ബാന്റ് സെറ്റ് ടീമുകളും മാർച്ച്പാസ്റ്റിൽ അണിനിരക്കും. 8.55ന് മുഖ്യാതിഥി സ്വാതന്ത്ര്യദിന സന്ദേശം നൽകും. ഒൻപതിന് പോലീസ് മെഡൽ വിതരണവും സമ്മാനദാനവും നടക്കും. തുടർന്ന് സ്കൂൾ വിദ്യാർഥികളുടെ വർണാഭമായ സാംസ്കാരിക പരിപാടികളും നടക്കും.

സ്വാതന്ത്ര്യദിനാഘോഷ ചടങ്ങുകൾ വീക്ഷിക്കുന്നതിന് പൊതുജനങ്ങൾ രാവിലെ 7.30ന് ജില്ലാ സ്റ്റേഡിയത്തിൽ എത്തണമെന്ന് ജില്ലാ കളക്ടർ പി.ബി.നൂഹ് അഭ്യർഥിച്ചു. സർക്കാർ സ്ഥാപനങ്ങളും വീടുകളും വ്യാപാര സ്ഥാപനങ്ങളും കൊടിതോരണങ്ങളാൽ അലങ്കരിക്കുകയും ദേശീയ പതാക ഉയർത്തുകയും ചെയ്യണമെന്നും പൂർണമായും ഹരിത മാനദണ്ഡം പാലിച്ചുകൊണ്ടായിരിക്കണം സ്വാതന്ത്ര്യദിനാഘോഷ പരിപാടികൾ സംഘടിപ്പിക്കേണ്ടതെന്നും കളക്ടർ അഭ്യർഥിച്ചു. എല്ലാ വകുപ്പ് മേധാവികളും ഉദ്യോഗസ്ഥരും സ്വാതന്ത്ര്യദിനാഘോഷ ചടങ്ങിൽ പങ്കെടുക്കണം. സെറിമോണിയൽ പരേഡിന്റെ പൂർണ ചുമതല പത്തനംതിട്ട എ.ആർ. ക്യാമ്പ് അസിസ്റ്റന്റ് കമാൻഡന്റിനാണ്.

(പിഎൻപി 2226/2018)

## ആദിവാസി ഊരുകളിലേക്ക് സഞ്ചരിക്കുന്ന റേഷൻ കട
## ജില്ലാതല ഉദ്ഘാടനം ഇന്ന് (14ന്) അട്ടത്തോട്ടിൽ

ആദിവാസി ഊരുകളിൽ നേരിട്ട് റേഷൻ സാധനങ്ങൾ എത്തിക്കുന്നതിനുള്ള പദ്ധതിയുടെ ജില്ലാതല ഉദ്ഘാടനം ഇന്ന് വൈകിട്ട് നാലിന് റാന്നി പെരുനാട് അട്ടത്തോട് കോളനിയിലെ അട്ടത്തോട് കിഴക്ക് കമ്മ്യൂണിറ്റി ഹാളിൽ ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രി പി.തിലോത്തമൻ നിർവഹിക്കും. രാജുഎബ്രഹാം എംഎൽഎ അധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ ആന്റോ ആന്റണി എംപി, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അന്നപൂർണാദേവി എന്നിവർ മുഖ്യാതിഥികളാകും. ജില്ലാ കളക്ടർ പി.ബി.നൂഹ്, റാന്നി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ഗിരിജ മധു, ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ബീന സജി, ജില്ലാ പഞ്ചായത്തംഗം പി.വി.വർഗീസ്, ഗ്രാമപഞ്ചായത്ത് അംഗം വി.രാജൻ, വിവിധ രാഷ്ട്രീയകക്ഷി നേതാക്കൾ തുടങ്ങിയവർ പങ്കെടുക്കും. (പിഎൻപി 2327/18)

## തിരുവല്ലയിൽ കൂടുതൽ ക്യാമ്പുകൾ തുറന്നു
## ജില്ലയിൽ 5031 പേർ ദുരിതാശ്വാസ ക്യാമ്പുകളിൽ

തിരുവല്ലയിലെ അപ്പർകുട്ടനാടൻ മേഖലയിൽ ജലനിരപ്പ് ഉയർന്നതിനെ തുടർന്ന് കൂടുതൽ ദുരിതാശ്വാസ ക്യാമ്പുകൾ തുടങ്ങി ജനങ്ങളെ ക്യാമ്പുകളിലേക്ക് മാറ്റി പാർപ്പിച്ചു. കഴിഞ്ഞ ദിവസം രാത്രിയിൽ ജില്ലാ കളക്ടർ പി.ബി.നൂഹിന്റെ നേതൃത്വത്തിലുള്ള വിവിധ വകുപ്പ് ഉദ്യോഗസ്ഥരുടെ സംഘം പ്രളയക്കെടുതി രൂക്ഷമായ കടപ്ര, നിരണം വില്ലേജുകളിലെ ക്യാമ്പുകൾ സന്ദർശിച്ചു. ജനങ്ങളുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിന് പ്രളയക്കെടുതി നേരിടുന്ന എല്ലാ പ്രദേശങ്ങളിലെയും ജനങ്ങളെ സുരക്ഷിത സ്ഥാനങ്ങളിലേക്ക് മാറ്റുന്നതിന് ജില്ലാ കളക്ടർ നേതൃത്വം നൽകി. കടപ്ര വില്ലേജിലെ മാന്നാർ രണ്ടാം കുരിശിലുള്ള നവദർശന ചാരിറ്റബിൾ സൊസൈറ്റി കെട്ടിടത്തിലെ ക്യാമ്പ്, മോടിശേരി എൽപി സ്കൂൾ ക്യാമ്പ്, നിരണം കിഴക്കുഭാഗം എംഡിഎൽപിഎസ് ക്യാമ്പ്, നിരണം തേവേരി ലീലാമ്മയുടെ ഭവനത്തിലെ ക്യാമ്പ് തുടങ്ങിയ സ്ഥലങ്ങളിലാണ് ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ സന്ദർശിച്ചത്. ക്യാമ്പുകളിലെ സൗകര്യങ്ങൾ സംബന്ധിച്ച് ജില്ലാ കളക്ടർ വിലയിരുത്തുകയും റവന്യു ഉദ്യോഗസ്ഥർക്ക് ആവശ്യമായ നിർദേശങ്ങൾ നൽകുകയും ചെയ്തു.

ജില്ലയിൽ 42 ദുരിതാശ്വാസ ക്യാമ്പുകളിലായി 1255 കുടുംബങ്ങളിലെ 5031 ആളുകളാണ് കഴിയുന്നത്. തിരുവല്ല താലൂക്കിൽ 33 ക്യാമ്പുകളിലായി 1126 കുടുംബങ്ങളിലെ 4544 പേരും കോഴഞ്ചേരി താലൂക്കിൽ ഒമ്പത് ക്യാമ്പുകളിലായി 129 കുടുംബങ്ങളിലെ 487 പേരും ക്യാമ്പുകളി ൽ കഴിയുന്നു.

തിരുവല്ല താലൂക്കിൽ തോട്ടപ്പുഴശ്ശേരി വില്ലേജിലെ എം ടി എൽ പി എസ്, ചെറുപുഷ്പം സ്കൂൾ, എ എം എം ടി.ടി.ഐ സ്കൂൾ, കുറ്റൂർ വില്ലേജിലെ തെങ്ങേലി സാസ്കാരിക നിലയം, കോയ്പ്പുറം വില്ലേജിലെ തട്ടേക്കാട് സെന്റ് തോമസ് എൽ പി എസ്, പുലരിക്കാട് ഇ എ എൽ.പി.എസ്, നുഖത്തല സാംസ്കാരിക നിലയം, നെടുമ്പ്രം വില്ലേജിലെ കാരാത്ര കമ്യൂണിറ്റി ഹാൾ, കല്ലുങ്കൽ എം ടി എൽ.പി.എസ്, അമിച്ചക്കരി എം ഡി എൽ.പി.എസ്, കടപ്ര വില്ലേജിലെ തേവർക്കുഴി എം ഡി എൽ.പി.എസ്, മാന്നാർ എം എസ് എം യു പി എസ്, വടക്കുംഭാഗം സെൻട്രൽ എൽ പി എസ്, തോക്കനടി പാരിഷ് ഹാൾ, വളഞ്ഞവട്ടം പി ആർ എഫ്, തേവേരിൽ എൽപിഎസ്, രണ്ടാംകുരിശ് വായനശാല, ശക്തിമംഗലം എംഡിഎൽപിഎസ്, കണ്ണച്ചേരിൽ സ്കൂൾ, നിരണം വില്ലേജിലെ തേവേരി സെന്റ് തോമസ് ഹൈസ്കൂൾ, നിരണം വെസ്റ്റ് എം ടി എൽ.പി.എസ്, ആശാൻകുടി അങ്കണവാടി, കൊമ്പൻകേരി എംഡിഎൽപിഎസ്, എലത്തൊടി സെന്റ് ജോർജ് യുപിഎസ്, പെരിങ്ങര വില്ലേജിലെ മേപ്രാൽ സെന്റ് ജോൺസ് സ്കൂൾ, ചാത്തങ്കരി ന്യൂ എൽ.പി.എസ്, ചാത്തൻകേരി അങ്കണവാടി, ചാത്തൻകരി ബസാർകടവ് ഹാൾ, കൊക്കാട് ചാപ്പൽ, ചാത്തങ്കരി പകൽവീട്,

മേപ്രാൽ ഗവൺമെന്റ് എൽപിഎസ്, കാവുംഭാഗം വില്ലേജിലെ ദേവമാത ചർച്ച് ഓഡിറ്റോറിയം എന്നിവയാണ് തിരുവല്ല താലൂക്കിലെ ക്യമ്പുകൾ.

കോഴഞ്ചേരി താലൂക്കിൽ കിടങ്ങന്നൂർ വില്ലേജിലെ എഴിക്കാട് കമ്മൂണിറ്റി ഹാൾ, എഴിക്കാട് നഴ്സറി സ്കൂൾ, കിടങ്ങന്നൂർ ഗവ.എൽ.പി.എസ്, വല്ലന എസ് എൻ ഡി പി സ്കൂൾ, നീർവിളാകം എം ഡി എൽ.പി.എസ്, ആറന്മുള വില്ലേജിലെ മാലക്കര ഗവ.യു പി എസ്, ആറാട്ടുപുഴ ഗവ. യു പി എസ്, മല്ലപ്പുഴശ്ശേരി വില്ലേജിലെ ഓന്തേക്കാട് എം ടി എൽ.പി.എസ്, കുറുന്താർ കമ്മ്യൂണിറ്റി ഹാൾ എന്നിവിടങ്ങളിലാണ് കോഴഞ്ചേരിയിലെ ക്യാമ്പുകൾ പ്രവർത്തിക്കുന്നത്. (പിഎൻപി 2328/18)

## ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ പൊതുജനങ്ങളുടെ പങ്കാളിത്തം അനിവാര്യം – ജില്ലാ കളക്ടർ

ജില്ല അതിരൂക്ഷമായ പ്രളയക്കെടുതി നേരിടുന്ന സാഹചര്യത്തിൽ ദുരിതാബാധിതരെ പുനരധിവസിപ്പിക്കുന്ന പ്രവർത്തനങ്ങളിൽ സർക്കാർ സംവിധാനങ്ങളോടൊപ്പം പൊതുജനങ്ങളുടെയും സന്നദ്ധസംഘടനകളുടെയും സജീവ പങ്കാളിത്തമുണ്ടാകണമെന്ന് ജില്ലാ കളക്ടർ പി.ബി.നൂഹ് അഭ്യർഥിച്ചു. തിരുവല്ല താലൂക്കിലെ പ്രളയബാധിത പ്രദേശങ്ങളും ദുരിതാശ്വാസ ക്യാമ്പുകളും സന്ദർശിച്ച ശേഷം സംസാരിക്കുകയായിരുന്നു കളക്ടർ. വീട് നഷ്ടപ്പെട്ടത് ഉൾപ്പെടെ നാശനഷ്ടങ്ങൾ സംബന്ധിച്ച് റവന്യു വകുപ്പ് വ്യക്തമായ കണക്കെടുപ്പ് നടത്തിയിട്ടുണ്ട്. ഭക്ഷണ സാധനങ്ങളും താമസ സൗകര്യവും സർക്കാർ ഏർപ്പെടുത്തുന്നുണ്ടെങ്കിലും ജനങ്ങളുടെ മറ്റ് നാശനഷ്ടങ്ങൾ നികത്തുന്നതിന് പൊതുജനങ്ങളുടെ പങ്കാളിത്തം അനിവാര്യമാണ്. എത്ര ചെറുതാണെങ്കിലും ഓരോ വ്യക്തികളുടെയും സംഭാവനകൾ ദുരിതബാധിതർക്ക് വലിയ ഒരു കൈത്താങ്ങാകും. വീട്ടുപകരണങ്ങൾ ഉൾപ്പെടെ ദുരിതബാധിതരെ സഹായിക്കുന്നതിനുള്ള എന്തുതരം ഉത്പന്നങ്ങളും വാങ്ങി പൊതുജനങ്ങൾക്ക് കളക്ടറേറ്റിലെ ദുരന്തനിവാരണ വിഭാഗത്തിൽ എത്തിക്കാം. ഓൺലൈനായും സാധനങ്ങൾ ഓർഡർ ചെയ്ത് ദുരിതബാധിതരെ സഹായിക്കുന്നതിന് എത്തിക്കുവാൻ കഴിയും. പൊതുജനങ്ങൾ പരമാവധി ദുരിതാശ്വാസ നിധിയിലേക്ക് സംഭാവന ചെയ്യുവാൻ ശ്രമിക്കണം. എല്ലാവരുടെയും കൂട്ടായ്മകൊണ്ട് മാത്രമേ ദുരിതബാധിതരെ സഹായിക്കുവാൻ കഴിയൂ എന്നും ജില്ലാ കളക്ടർ പറഞ്ഞു. ഇതിനായി സന്നദ്ധസംഘടനകളും വ്യാപാരി വ്യവസായി സംഘടനകളും ഇതര സംഘടനകളും പൊതുജനങ്ങളും ഒറ്റക്കെട്ടായി രംഗത്തിറങ്ങണമെന്നും കളക്ടർ അഭ്യർഥിച്ചു.

(പിഎൻപി 2329/18)




ഇൻഫർമേഷൻ&പബ്ലിക് റിലേഷൻസ് വകുപ്പ്

# കേരള സർക്കാർ

**ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്**
**പത്തനംതിട്ട**

| | |
|---|---|
| **ആഗസ്റ്റ് 13**<br>**August 13** | **2018** |

***1193 കർക്കിടകം 28 തിങ്കൾ***

# പത്രക്കുറിപ്പ്-2

www.prd.kerala.gov.in, diopta1@gmail.com ഫോൺ : 0468-2222657

**വികസന സമിതിയോഗം മാറ്റി**

ഈ മാസം 18ന് നടത്താനിരുന്ന ജില്ലാ വികസന സമിതിയോഗം മാറ്റിവച്ചതായി ജില്ലാ പ്ലാനിംഗ് ഓഫീസർ അറിയിച്ചു. (പിഎൻപി 2330/18)

**ഉപഭോക്തൃ സേവന കേന്ദ്രം**

ഓണം, ബക്രീദ് വിപണികളിൽ നിന്നും ഉപഭോക്താക്കൾ വാങ്ങുന്ന ഉത്പന്നങ്ങളുടെ അളവ്-തൂക്ക കൃത്യത ഉറപ്പാക്കുന്നതിന് അവ സൗജന്യമായി അളന്ന് തൂക്കി നൽകുന്നതിന് ഇന്ന് മുതൽ പത്തനംതിട്ട റോസ് മൗണ്ട് ഓഡിറ്റോറിയത്തിൽ ഉപഭോക്തൃസേവന കേന്ദ്രം പ്രവർത്തിക്കും. ഉപഭോക്താക്കൾ വാങ്ങുന്ന ഉത്പന്നങ്ങളുടെ കൃത്യത ബോധ്യപ്പെടുത്തുന്നതിന് പുറമേ അളവ് തൂക്ക സംബന്ധമായ പരാതികൾ സമർപ്പിക്കാൻ പരാതിപ്പെട്ടിയും പരാതി രജിസ്റ്ററും ലഭിക്കും. ഉപഭോക്തൃ ബോധവത്ക്കരണത്തിനുള്ള സംവിധാനവും ക്രമീകരിച്ചിട്ടുണ്ട്.

വിപണികളിൽ ഉപഭോക്തൃ ചൂഷണം തടയുന്നതിനായി പത്തനംതിട്ട ലീഗൽ മെട്രോളജി അസിസ്റ്റന്റ് കൺട്രോളറുടെ ഓഫീസിൽ കൺട്രോൾ റൂം പ്രവർത്തിക്കും. ഈ മാസം 21 വരെ സൗജന്യ പരിശോധനാ സൗകര്യമുള്ള ഹെൽപ്പ് ഡസ്കും ഇതിനോടനുബന്ധിച്ചുണ്ടാകും. ഉപഭോക്താക്കൾക്ക് 0468 2322853 എന്ന നമ്പരിൽ പരാതികൾ അറിയിക്കാമെന്ന് ലീഗൽ മെട്രോളജി അസിസ്റ്റന്റ് കൺട്രോളർ അറിയിച്ചു.

(പിഎൻപി 2331/18)

## തടി ലേലം

റാന്നി ആർ.എ.ഐ.സി കെട്ടിടത്തിന് മുകളിൽ വീണ തേക്ക് മരത്തിൽ നിന്നും ശേഖരിച്ച ഏഴ് കഷണം തേക്ക് തടിയും വിറകും ഈ മാസം 30ന് രാവിലെ 11ന് റാന്നി വെറ്ററിനറി പോളിക്ലിനിക്കിൽ ലേലം ചെയ്യും (പിഎൻപി 2332/18)

## മുൻസിഫ് മജിസ്ട്രേറ്റ് പരീക്ഷാ പരിശീലനം

പട്ടികജാതി വിഭാഗത്തിൽപ്പെട്ട നിയമബിരുദധാരികൾക്ക് സബോർഡിനേറ്റ് ജുഡ്യഷ്യറിയിൽ മുൻസിഫ് മജിസ്ട്രേറ്റ് തസ്തികയിൽ നിയമനം ലഭിക്കുന്നതിന് കേരള ഹൈക്കോടതി നടത്തുന്ന മുൻസിഫ് മജിസ്ട്രേറ്റ് പ്രവേശന പരീക്ഷയ്ക്ക് തിരുവനന്തപുരം ഗവൺമെന്റ് ലോ കോളേജ് മുഖേന പരിശീലനം നൽകുന്നതിന് പട്ടികജാതി വികസന വകുപ്പ് അപേക്ഷ ക്ഷണിച്ചു. അപേക്ഷകർ ജാതി, വരുമാനം, വിദ്യാഭ്യാസ യോഗ്യത, മാർക്ക്, തൊഴിൽ പരിചയം എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ സഹിതം ജില്ലാ പട്ടികജാതി വികസന ഓഫീസിൽ ഈ മാസം 15നകം അപേക്ഷിക്കണം. ഫോൺ: 0468 2322712.

(പിഎൻപി 2333/18)

### ഗസ്റ്റ് അധ്യാപക ഒഴിവ്

കോന്നി സിഎഫ്ആർഡിയുടെ അധീനതയിലുള്ള കോളേജ് ഓഫ് ഇൻഡിജനസ് ഫുഡ് ടെക്നോളജിയിൽ ഇംഗ്ലീഷ് വിഭാഗത്തിൽ ഗസ്റ്റ് അധ്യാപക ഒഴിവിലേക്ക് അപേക്ഷിക്കാം. ബന്ധപ്പെട്ട വിഷയത്തിൽ 55 ശതമാനം മാർക്കിൽ കുറയാതെയുള്ള ബിരുദാനന്തര ബിരുമാണ് യോഗ്യത. നെറ്റ് അഭികാമ്യം. താത്പര്യമുള്ളവർ 18ന് രാവിലെ 10.30ന് സിഎഫ്ആർഡിയിൽ നടക്കുന്ന ഇന്റർവ്യൂവിന് അസൽ സർട്ടിഫിക്കറ്റുകളും പകർപ്പും തിരിച്ചറിയൽ രേഖയും സഹിതം പങ്കെടുക്കണം. (പിഎൻപി 2334/18)

## പമ്പയിൽ ജലനിരപ്പ് ഉയർന്നതിനാൽ തീർഥാടകർക്ക് അതീവ ജാഗ്രതാ നിർദേശം

ആനത്തോട്-കക്കി, പമ്പ ഡാമുകളുടെ ഷട്ടറുകൾ തുറന്നിട്ടുള്ള സാഹചര്യത്തിലും പമ്പയുടെ പരിസരപ്രദേശങ്ങളിൽ നീരൊഴുക്ക് ശക്തിപ്പെട്ടിട്ടുള്ളതിനാലും പമ്പ ത്രിവേണി ഭാഗത്ത് സ്ഥിതി അതീവ ഗുരുതരമാണെന്ന് ജില്ലാ ദുരന്തനിവാരണ അതോറിറ്റിയുടെ വിലയിരുത്തൽ. ശബരിമല നട നിറപുത്തരിക്കായി തുറക്കുന്ന സാഹചര്യത്തിൽ പമ്പയിലെ അടിയന്തര സാഹചര്യം വിലയിരുത്തുന്നതിന് ജില്ലാ കളക്ടറേറ്റിൽ ജലവിഭവ വകുപ്പ് മന്ത്രി മാത്യു ടി.തോമസിന്റെ സാന്നിധ്യത്തിൽ ചേർന്ന ദുരന്ത നിവാരണ അതോറിറ്റിയുടെ യോഗത്തിലാണ് ബന്ധപ്പെട്ട വകുപ്പ് ഉദ്യോഗസ്ഥർ ഈ വിവരം അറിയിച്ചത്. പമ്പ മണൽപ്പുറത്ത് 50 മീറ്ററോളം വിസ്തൃതിയിൽ ശക്തമായ ഒഴുക്കാണ് അനുഭവപ്പെടുന്നത്. മണൽപ്പുറത്ത് പല സ്ഥലത്തും വൻകുഴികൾ രൂപപ്പെട്ടിട്ടുണ്ട്. ജലം ഇറങ്ങിയാൽ മാത്രമേ കുഴികൾ എവിടെയെന്ന് കണ്ടെത്താൻ കഴിയൂ. ഈ സാഹചര്യത്തിൽ തീർഥാടകരെ കടത്തിവിടുന്നത് അത്യന്തം അപകടകരമായതിനാൽ ഇക്കാര്യത്തെക്കുറിച്ച് നേരിട്ട് വിലയിരുത്തുന്നതിന് ജലവിഭവ വകുപ്പ് മന്ത്രിയും ജില്ലാ കളക്ടറും വിവിധ വകുപ്പ് ഉദ്യോഗസ്ഥരും പമ്പയിലേക്ക് തിരിച്ചു. സ്ഥിതിഗതികൾ നേരിട്ട് വിലയിരുത്തിയ ശേഷം ഇക്കാര്യത്തിൽ ആവശ്യമായ നടപടി സ്വീകരിക്കും. വാട്ടർഅതോറിറ്റിയുടെ പമ്പുകൾ വെള്ളത്തിനടിയിലായതുമൂലം പമ്പാ മണൽപ്പുറത്ത് പമ്പിംഗ് പൂർണമായി തടസപ്പെട്ടിരിക്കുകയാണ്. ട്രാൻസ്ഫോർമറുകളും വെള്ളത്തിൽ മുങ്ങിയ സാഹചര്യത്തിൽ വൈദ്യുതി വിതരണം പോലും പുനസ്ഥാപിക്കാൻ കഴിയാത്ത സാഹചര്യമാണുള്ളത്. ജലം ഇറങ്ങിയാൽ മാത്രമേ വൈദ്യുതി വിതരണം പുനസ്ഥാപിക്കാൻ കഴിയൂ എന്ന് കെഎസ്ഇബി അധികൃതർ അറിയിച്ചു. പമ്പയിൽ ശുദ്ധജലത്തിന്റെ ക്ഷാമം അനുഭവപ്പെടാതിരിക്കുന്നതിന് ടാങ്കറുകളിൽ വെള്ളം എത്തിക്കുന്നതിനുള്ള സംവിധാനങ്ങൾ അടിയന്തരമായി ഏർപ്പെടുത്താൻ മന്ത്രി വാട്ടർ

അതോറിറ്റിക്ക് നിര്‍ദേശം നല്‍കി. പെരുനാട് പഞ്ചായത്തിന്റെ ആഭിമുഖ്യത്തില്‍ രണ്ട് ലോറികളിലായി ജലം എത്തിക്കുന്നത് ആരംഭിച്ചിട്ടുണ്ട്. പമ്പയുടെ മറുകരയില്‍ രണ്ട് വാട്ടര്‍ ടാങ്കുകളിലായി കുറച്ചുദിവസത്തേക്കുള്ള ശുദ്ധജലം സ്റ്റോക്കുണ്ട്. ഇത് തീരുന്ന അവസ്ഥയില്‍ ബദല്‍ സംവിധാനങ്ങള്‍ ഏര്‍പ്പെടുത്താനും യോഗത്തില്‍ തീരുമാനമായി. പ്ലാപ്പള്ളിയില്‍ റോഡിന്റെ ഒരു വശം ഇടിഞ്ഞുതാണിട്ടുണ്ട്. വാഹന ഗതാഗതം നടക്കുമെങ്കിലും മുന്‍കരുതല്‍ ആവശ്യമാണ്. പൊതുമരാമത്ത് വകുപ്പ് ഇത് പുനസ്ഥാപിക്കുന്നതിനുള്ള നടപടികള്‍ യുദ്ധകാലാടിസ്ഥാനത്തില്‍ സ്വീകരിച്ചിട്ടുണ്ട്.

യോഗത്തില്‍ ജില്ലാ കളക്ടര്‍ പി.ബി.നൂഹ്, എഡിഎം പി.റ്റി.എബ്രഹാം, ദുരന്ത നിവാരണ ഡെപ്യൂട്ടി കളക്ടര്‍ എസ്.ശിവപ്രസാദ്, ഡിഎംഒ ഡോ.എ.എല്‍.ഷീജ, വിവിധ വകുപ്പുകളിലെ ജില്ലാതല ഉദ്യോഗസ്ഥര്‍ തുടങ്ങിയവര്‍ പങ്കെടുത്തു.

(പിഎന്‍പി 2335/18)




ഇന്‍ഫര്‍മേഷന്‍&പബ്ലിക് റിലേഷന്‍സ് വകുപ്പ്

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

| ആഗസ്റ്റ് 13<br>August 13 | 2018 |
|---|---|

***1193 കർക്കിടകം 28 തിങ്കൾ***

# പത്രക്കുറിപ്പ്-3

www.prd.kerala.gov.in, diopta1@gmail.com ഫോൺ : 0468-2222657

**തീർഥാടകർ ശബരിമല യാത്ര തത്ക്കാലം ഒഴിവാക്കാൻ ദേവസ്വംബോർഡിന്റെ അഭ്യർഥന**

**പമ്പയിൽ കനത്ത ജാഗ്രതാ നിർദ്ദേശം പുറപ്പെടുവിച്ച് ജില്ലാ ഭരണകൂടവും പൊലീസും**

പമ്പാനദിയിൽ ജലനിരപ്പ് വൻതോതിൽ ഉയരുന്നത് കണക്കിലെടുത്ത് അയപ്പഭക്തർ ശബരിമല അയ്യപ്പ ദർശനത്തിനും നിറപുത്തരി പൂജകൾ തൊഴാനുമായി വരുന്നത് തൽക്കാലം ഒഴിവാക്കണമെന്ന് തിരുവിതാംകൂർ ദേവസ്വം ബോർഡ് അഭ്യർഥിച്ചു. പമ്പാനദി കരകവിഞ്ഞ് ഒഴുകുന്നതിനാൽ അയ്യപ്പഭക്തർക്ക് നദി കടന്നു പോകാൻ ആവില്ല. പമ്പയിലും ത്രിവേണിയിലും വെള്ളം കരകവിഞ്ഞൊഴുകുന്നതിനാൽ അയ്യപ്പഭക്തർക്ക് ശബരിമലയിലേക്ക് പോകുന്നതിനുള്ള പമ്പാനദിയ്ക്ക് കുറുകെയുള്ള രണ്ട് പാലങ്ങളും വെള്ളം കയറിയ അവസ്ഥയിലാണ്. പമ്പയിലെ കടകളിലും മണ്ഡപത്തിലും വെള്ളം കയറിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ നദി കടന്ന് അയ്യപ്പഭക്തർക്ക് ശബരിമലയിലേക്ക് പോകാൻ സാധിക്കില്ല. മുൻകരുതൽ നടപടിയായും ദുരന്തങ്ങൾ ഒഴിവാക്കാനുമായാണ് അയ്യപ്പഭക്തരോട് ജലനിരപ്പ് താഴുന്നതു വരെ ശബരിമല യാത്ര ഒഴിവാക്കണമെന്ന് അഭ്യർത്ഥിക്കുന്നതെന്നും തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡന്റ് എ.പത്മകുമാർ പറഞ്ഞു. പമ്പാനദിയിൽ ജലനിരപ്പ് കൂടുന്നതല്ലാതെ കുറയുന്നില്ല. അപകടരമാം വിധം ഒഴുക്ക് പമ്പാനദിയിൽ ഉണ്ട്. പത്തനംതിട്ട ജില്ലയിലെ കൊച്ചുപമ്പാ, മൂഴിയാർ, കക്കി ഉൾപ്പെടെയുള്ള ഡാമുകളുടെ ഷട്ടറുകൾ പരമാവധി ജലനിരപ്പ് എത്തിയതിനെത്തുടർന്ന് തുറന്നിരിക്കുകയാണ്. ഈ പശ്ചാത്തലത്തിൽ അയ്യപ്പഭക്തരുടെ സുരക്ഷിതത്വം

കണക്കിലെടുത്താണ് തീർഥാടകരോട് യാത്ര ഒഴിവാക്കാൻ ബോർഡ് നിർദേശിച്ചത്. ജില്ലാ ഭരണകൂടവും ദേവസ്വം ബോർഡും പോലീസും സംയുക്തമായി പമ്പയിൽ മുൻകരുതൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പത്തനംതിട്ടയിലെ മഴയുടെ തോതിനും മാറ്റമില്ല. പമ്പയിൽ പൊലീസ് ബാരിക്കേഡ് സ്ഥാപിച്ചും, വടം കെട്ടിയും, അപകട മുന്നറിയിപ്പ് നൽകിയും അയ്യപ്പഭക്തർക്ക് സ്ഥിതിഗതികൾ കൈമാറാൻ സജ്ജമാണ്. മുന്നറിയിപ്പ് അവഗണിച്ച് പമ്പയിൽ എത്തുന്നവരെ തിരിച്ചയക്കാനും പൊലീസ് നടപടി സ്വീകരിച്ചിട്ടുണ്ട്. നിറപുത്തരി പൂജയ്ക്കായി ശബരിമല ശ്രീ ധർമ്മശാസ്താ ക്ഷേത്രനട 14 ന് (നാളെ) വൈകുന്നേരം 5 മണിക്ക് തുറക്കും. 15ന് ആറിനും 6.30 നും മദ്ധ്യേയാണ് നിറപുറത്തിരി പൂജ.അച്ചൻകോവിലിൽ ദേവസ്വം ബോർഡിന്റെ കൃഷി ഭുമിയിൽ നിന്ന് കൊണ്ടുവരുന്ന നെൽക്കതിർ കുലകളാണ് ക്ഷേത്ര ശ്രീകോവിലിൽ വച്ച് പൂജ നടത്തുന്നത്. നിറപുത്തരി പൂജയ്ക്ക് ശേഷം നെൽ കതിർ അയ്യപ്പഭക്തർക്ക് വിതരണം ചെയ്യുകയാണ് ചടങ്ങ്.15 ന് രാത്രി 10 ന് ഹരിവരാസനം പാടി ക്ഷേത്രനട അടയ്ക്കും. ചിങ്ങമാസ പൂജകൾക്കായി 16ന് വൈകുന്നേരം ക്ഷേത്രനട തുറക്കും. തുടർന്ന് അഞ്ച് ദിവസം ക്ഷേത്രത്തിൽ പതിവ് പൂജകളും നെയ്യഭിഷേകവും നടക്കും. 21 ന് രാത്രി നട അടയ്ക്കും.

(പിഎൻപി 2336/18)




ഇൻഫർമേഷൻ&പബ്ലിക് റിലേഷൻസ് വകുപ്പ്

കേരള സർക്കാർ

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
പത്തനംതിട്ട

| ആഗസ്റ്റ് 13<br>August 13 | 2018 |
|---|---|

*1193 കർക്കിടകം 28 തിങ്കൾ*

# പത്രക്കുറിപ്പ്-4

www.prd.kerala.gov.in, diopta1@gmail.com ഫോൺ : 0468-2222657

**ദുരിതബാധിതർക്ക് കൈത്താങ്ങാകാൻ നമുക്ക് കഴിയണം – മന്ത്രി മാത്യു ടി.തോമസ്**

വെള്ളപ്പൊക്കത്തിൽ ദുരിതം അനുഭവിക്കുന്നത് നമ്മുടെ സഹോദരങ്ങളാണെന്നും, അവരുടെ ബുദ്ധിമുട്ട് മനസിലാക്കി ആശ്വാസമേകാൻ നമുക്ക് കഴിയണമെന്നും ജലവിഭവവകുപ്പ് മന്ത്രി മാത്യു.ടി.തോമസ് പറഞ്ഞു. കാലവർഷക്കെടുതിയെ തുടർന്നുള്ള ദുരിതാശ്വാസ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ ചേർന്ന വിവിധ സംഘടനകളുടെ യോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ജില്ലയിൽ നടക്കുന്ന ദുരിതാശ്വാസ പ്രവർത്തനങ്ങൾ ഒരു തുടക്കം മാത്രമാണെന്നും, ദുരിതാശ്വാസ ക്യാമ്പുകളിൽ നിന്ന് വീടുകളിലേക്ക് മടങ്ങുന്നവർക്ക് പൂർണ സഹായം എത്തിക്കുവാൻ നമുക്ക് സാധിക്കണമെന്നും അദ്ദേഹം പറഞ്ഞു. സർക്കാർ സംവിധാനങ്ങൾ ദുരിതബാധി തർക്ക് സാധ്യമായ എല്ലാ സൗകര്യങ്ങളും നൽകുന്നുണ്ട്. എന്നാൽ ഇതുകൊണ്ടുമാത്രം ഇവരുടെ പ്രശ്നങ്ങൾ പൂർണമായി പരിഹരിക്കാൻ കഴിയണമെന്നില്ല. അടിയന്തരമായി ആവശ്യമുള്ള പല കാര്യങ്ങളിലും സന്നദ്ധസംഘടനകളുടെയും പൊതുജനങ്ങളുടെയും സഹായംകൂടി ആവശ്യമാണ്. ജില്ലയുടെ ചരിത്രത്തിൽ ഇതുവരെ ഉണ്ടായിട്ടില്ലാത്ത സവിശേഷമായ ഒരു സാഹചര്യമാണ് ഇപ്പോഴുണ്ടായിട്ടുള്ളത്. ഇത് നേരിടാൻ നാമെല്ലാവരും ഒറ്റക്കെട്ടായി പ്രവർത്തിക്കണമെന്നും മന്ത്രി പറഞ്ഞു.

**വസ്ത്രങ്ങൾ മുതൽ പഠനോപകരണങ്ങൾ വരെ ശേഖരിക്കും**

വെള്ളപ്പൊക്കം ദുരിതം വിതച്ച സ്ഥലങ്ങളിലെ ജനങ്ങൾക്ക് എല്ലാവിധ സഹായങ്ങളും എത്തിക്കുമെന്ന് യോഗത്തിൽ പങ്കെടുത്ത സംഘടനാ ഭാരവാഹികൾ അറിയിച്ചു. മെത്ത, തലയിണ, പുതപ്പ് തുടങ്ങി കുട്ടികൾക്ക് വേണ്ട പഠനോപകരണങ്ങൾ തുടങ്ങി എല്ലാ അവശ്യ വസ്തുക്കളും സ്വരൂപിക്കാനും യോഗത്തിൽ തീരുമാനമായി. കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ സന്നദ്ധ സംഘടനാ പ്രതിനിധികളെക്കൊണ്ട് തിങ്ങിനിറഞ്ഞിരുന്നു. ദുരിതം പേറുന്ന ജനങ്ങൾക്ക് സഹായമെത്തിക്കാൻ സന്മനസോടെ എത്തിയ എല്ലാവർക്കും ജില്ലാ കളക്ടർ പി.ബി.നൂഹ് പ്രത്യേക നന്ദി അറിയിച്ചു.

**ദുരിതാശ്വാസ നിധിയിലേക്ക് തുക കൈമാറി മാതൃക കാട്ടിയവർ**

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് മല്ലേലിൽ ശ്രീധരൻ നായർ (മല്ലേലിൽ ഇൻഡസ്ട്രീസ്)അഞ്ച് ലക്ഷം രൂപയും പി.ജെ ബേബി (പാറയിൽ ഹൗസ് പത്തനംതിട്ട), ബിനു ജോൺ (മിഡോസ് വേവ്സ്, റിയാദ്) എന്നിവർ ഒരു ലക്ഷം രൂപയും യോഗത്തിൽ വച്ച് ജില്ലാ കളക്ടർക്ക് കൈമാറി. യാക്കോബായ സഭയുടെ കുവൈറ്റ് ഭദ്രാസനം ഒരു ലക്ഷം രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് നേരത്തേ നൽകിയിരുന്നു.

**സഹായ വാഗ്ദാനവുമായി സന്നദ്ധസംഘടനകളും വ്യക്തികളും**

വിവിധ സന്നദ്ധ പ്രവർത്തകരും, വ്യക്തികളും, സ്ഥാപനങ്ങളും സഹായം വാഗ്ദാനം ചെയ്ത് മുന്നോട്ട് വന്നിട്ടുണ്ട്. കളക്ടറേറ്റ് ജീവനക്കാർ അൻപതിനായിരം രൂപയ്ക്ക് മുകളിൽ സംഭാവന നൽകും. ജില്ലാ കളക്ടർ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി പതിനായിരം രൂപ സംഭാവന നൽകി. സാമൂഹ്യപ്രവർത്തകയും റിട്ട.പ്രൊഫസറുമായ എം.എസ് സുനിൽ ജില്ലയിലെ ഒരു ദുരിതാശ്വാസ ക്യാമ്പിലെ പെൺകുട്ടികൾക്ക് വേണ്ട വസ്ത്രങ്ങളും മറ്റ് സാധനങ്ങളും എത്തിക്കുമെന്ന് ഉറപ്പ് നൽകി. വ്യാപാരി വ്യവസായി ഏകോപനസമിതി ആവശ്യമായ ഭക്ഷ്യസാധനങ്ങൾ, ഹോളി എയ്ഞ്ചൽസ്, മേരിമാത എന്നീ സ്കൂളുകൾ കുട്ടികൾക്കാവശ്യമായ പാഠ്യോപകരണങ്ങൾ, ലയൺസ് ക്ലബ് അൻപതിനായിരം രൂപയുടെ ബെഡ്ഷീറ്റ്, കേരള വ്യവസായി ഏകോപനസമിതി ഒരു ലക്ഷം രൂപയുടെ മെത്ത, തിരുവല്ല റോട്ടറി ക്ലബ് ഇരുന്നൂറ് ബക്കറ്റ് തുടങ്ങിയവയും എത്തിക്കും. ആൾ ഇന്ത്യ ബാങ്ക് ഓഫീസേഴ്സ് ഫെഡറേഷൻ ജീവനക്കാരും സംസ്ഥാന സഹകരണ ബാങ്ക് ജീവനക്കാരും അവരുടെ ഒരു ദിവസത്തെ ശമ്പളവും ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കും. .

പോബ്സൺ ഗ്രൂപ്പ് രണ്ട് ലക്ഷം, ജില്ലാ സഹകരണ ബാങ്ക് അൻപതിനായിരം രൂപ, അബ്ദുൾ റഹിം മത്താർ ഇരുപത്തി അയ്യായിരം രൂപ, സ്കൈ ഹോട്ടൽ ഷിജി ജോർജ് അൻപതിനായിരം രൂപ, വ്യാപാരി വ്യവസായി ഫെഡറേഷൻ പതിനായിരം രൂപ, അടൂർ ഐ.എച്ച്.ആർ.ഡി അൻപതിനായിരം രൂപ, വെച്ചൂച്ചിറ പോളി ടെക്നിക് പതിനായിരം രൂപ, കോന്നി റിപ്പബ്ളിക് സ്കൂൾ 25000 രൂപ എന്നീ തുകകൾ പണമായി നൽകാമെന്ന് അറിയിച്ചു. ജില്ലയിലെ മൂന്ന് സ്കൂളുകൾ അവരുടെ ഓണാഘോഷം മാറ്റി വച്ച് ആ തുകയും ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി സംഭാവന ചെയ്യുമെന്ന് അറിയിച്ചു.

**സഹായം സ്വീകരിക്കാൻ താലൂക്ക് ഓഫീസുകളിലും കളക്ടറേറ്റിലും പ്രത്യേക സംവിധാനം**

ദുരിതബാധിതരെ സഹായിക്കുന്നതിന് സംഘടനകൾക്കും വ്യക്തിക ൾക്കും താലൂക്ക് ഓഫീസുകളിലും കളക്ടറേറ്റിലും വിപുലമായ ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. തുക നൽകുന്നവർ ചെക്കായോ ഡ്രാഫ്റ്റായോ മാത്രം സംഭാവനകൾ നൽകണം. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്കാണ് സംഭാവന നൽകേണ്ടത്. സാധന സാമഗ്രികൾ ബന്ധപ്പെട്ട താലൂക്ക് ഓഫീസുകളിലോ കളക്ടറേറ്റിലോ നൽകാവുന്നതാണ്. സംഭാവനകൾ നൽകുന്നവരുടെ വിവരങ്ങളും നൽകിയ പണം/വസ്തുക്കളുടെ വിവരങ്ങളും കൃത്യമായ രേഖപ്പെടുത്തലുകളോടെ സൂക്ഷിക്കും. ഇവ ദുരിതബാധിതർക്ക് എത്തുന്നു എന്ന് ജില്ലാ ഭരണകൂടം ഉറപ്പുവരുത്തും.

സഹായം ചെയ്യാൻ താത്പര്യമുള്ളവർ ഒരാഴ്ചയ്ക്കുള്ളിൽ കളക്ട്രേറ്റിലോ ദുരന്തനി

വാരണ ഓഫീസിലോ അടൂർ, തിരുവല്ല ആർ.ഡി ഓഫിസുകളിലോ അറിയിക്കേണ്ടതാണ്. നിലവിൽ സംഭാവനകൾ വാഗ്ദാനം ചെയ്തവരും തുടർനടപടികൾ കൺട്രോൾ റൂമുകളിൽ അറിയിക്കണം. ഏത് തരത്തിലുള്ള പ്രവർത്തനം നടത്തിയാലും അത് റവന്യു അഡ്മിനിസ്ട്രേഷനുമായി ബന്ധപ്പെടുത്തി ചെയ്യണമെന്ന് ജില്ലാ കളക്ടർ അറിയിച്ചു.

ദുരിതാശ്വാസ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട സംശയനിവാരണത്തിന് വിളിക്കേണ്ട നമ്പറുകൾ : ജില്ലാ കളക്ടർ- 9447029008, എ.ഡി.എം- 9446504515, ഡെപ്യൂട്ടി കളക്ടർ (ഡിസാസ്റ്റർ മാനേജ്മെന്റ്)- 8547610039, ജില്ലാ ദുരന്തനിവാരണ അതോറിറ്റി ഓഫീസ്- 0468 2322515, അടൂർ ആർ.ഡി.ഒ-9447799827, തിരുവല്ല ആർ.ഡി.ഒ- 9447114902.

എ.ഡി.എം പി.ടി ഏബ്രഹാം, ഡിസാസ്റ്റർ മാനേജ്മെന്റ് ഡെപ്യൂട്ടി കളക്ടർ എസ്.ശിവപ്രസാദ്, ജില്ലയിലെ വിവിധ വ്യാപാരസംഘടനകളുടെയും, സ്ഥാപനങ്ങളുടേയും സ്കൂൾ കോളേജ്, ബാങ്ക്, സന്നദ്ധ സംഘടന, റസിഡൻസ് അസോസിയേഷൻ പ്രതിനിധികൾ, വിവിധ വകുപ്പ് തല ഉദ്യോഗസ്ഥർ തുടങ്ങിയവർ യോഗത്തിൽ പങ്കെടുത്തു.

(പിഎൻപി 2337/18)

## ദുരിതാശ്വാസ ക്യാമ്പുകൾ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് അവധി

ജില്ലയിലെ തിരുവല്ല കോഴഞ്ചേരി താലൂക്കുകളിൽ ദുരിതാശ്വാസ ക്യാമ്പുകൾ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങൾക്ക് ഇന്ന് (14) അവധിയായിരിക്കുമെന്ന് ജില്ലാ കളക്ടർ അറിയിച്ചു.

(പിഎൻപി 2338/18)

## കൈപ്പട്ടൂർ മാവേലി സ്റ്റോർ ഉദ്ഘാടനം ഇന്ന് (14)

സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ഉടമസ്ഥയിൽ കൈപ്പട്ടൂർ സർവീസ് സഹകരണ ബാങ്ക് കെട്ടിടത്തിൽ ആരംഭിക്കുന്ന മാവേലി സ്റ്റോറിന്റെ ഉദ്ഘാടനം ഇന്ന് ഉച്ചയ്ക്ക് രണ്ടിന് ഭക്ഷ്യപൊതുവിതരണ വകുപ്പ് മന്ത്രി പി.തിലോത്തമൻ ഉദ്ഘാടനം ചെയ്യും. അടൂർ പ്രകാശ് എംഎൽഎ അധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അന്നപൂർണാദേവി ആദ്യവിൽപ്പന നിർവഹിക്കും. കോന്നി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കോന്നിയൂർ പി.കെ, വള്ളിക്കോട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ലിസിമോൾ ജേക്കബ്, സപ്ലൈകോ മേഖലാ മാനേജർ ബി.ജ്യോതികൃഷ്ണ, ഡിപ്പോ മാനേജർ ഡി.മോഹൻകുമാർ, വിവിധ തദ്ദേശഭരണ ഭാരവാഹികൾ, രാഷ്ട്രീയകക്ഷി നേതാക്കൾ തുടങ്ങിയവർ പങ്കെടുക്കും.

(പിഎൻപി 2339/18)

## തടിയൂർ സപ്ലൈകോ സൂപ്പർമാർക്കറ്റ് ഉദ്ഘാടനം ഇന്ന് (14)

സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷൻ തടിയൂരിൽ ആരംഭിക്കുന്ന സപ്ലൈകോ സൂപ്പർമാർക്കറ്റിന്റെ ഉദ്ഘാടനം ഇന്ന് വൈകിട്ട് മൂന്നിന് ഭക്ഷ്യപൊതുവിതരണ വകുപ്പ് മന്ത്രി പി.തിലോത്തമൻ നിർവഹിക്കും. രാജുഏബ്രഹാം എംഎൽഎയുടെ അധ്യക്ഷതയിൽ ചേരുന്ന യോഗത്തിൽ ആന്റോ ആന്റണി ആദ്യ വിൽപ്പന നടത്തും. ജില്ലാ പഞ്ചായത്ത് വൈസ്പ്രസിഡന്റ് ജോർജ് മാമ്മൻ കൊണ്ടൂർ, കോയിപ്രം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് നിർമലാ മാത്യൂസ്, ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാരായ തോമസ് തമ്പി, ജയൻ പുളിക്കൽ, എം.എസ്.സുജാത, എൽസി ക്രിസ്റ്റഫർ, ജോൺസൺ മാത്യു, വിവിധ തദ്ദേശഭരണ ഭാരവാഹികൾ, രാഷ്ട്രീയകക്ഷി നേതാക്കൾ തുടങ്ങിയവർ പങ്കെടുക്കും.

(പിഎൻപി 2340/18)

## ഫോട്ടോ അടിക്കുറിപ്പ്

1) സ്വാതന്ത്ര്യദിനാഘോഷത്തിന്റെ മുന്നോടിയായി ജില്ലാ സ്റ്റേഡിയത്തിൽ നടന്ന റിഹേഴ്സലിൽ നിന്ന്
2) ജലവിഭവ വകുപ്പ് മന്ത്രി മാത്യു ടി.തോമസിന്റെ സാന്നിധ്യത്തിൽ ജില്ലാ കളക്ടറുടെ

ചേംബറിൽ ചേർന്ന ദുരന്തനിവാരണ അതോറിറ്റിയുടെ അടിയന്തര യോഗം

3) ദുരിതാശ്വാസ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് കളക്ടറേറ്റിൽ ചേർന്ന സംഘടനകളുടെ യോഗത്തിൽ ജലവിഭവ വകുപ്പ് മന്ത്രി മാത്യു ടി.തോമസ് സംസാരിക്കുന്നു.
4) തിരുവല്ല താലൂക്കിലെ വിവിധ ദുരിതാശ്വാസ ക്യാമ്പുകളിൽ ജില്ലാ കളക്ടർ സന്ദർശനം നടത്തുന്നു.




ഇൻഫർമേഷൻ&പബ്ലിക് റിലേഷൻസ് വകുപ്പ്